പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **04.12.2018 ൽ മറുപടിയ്ക്ക്**

## ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സുസ്ഥിര പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി പൊതുഗതാഗത രംഗത്ത് ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി നൽകുന്നതിന് തീരുമാനി ച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചി ട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി നൽകുന്നതിലൂടെ സാങ്കേതിക രംഗത്തും സാമ്പത്തിക രംഗത്തും എന്തെല്ലാം ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാനാവുമെന്നാണ് കരുതുന്നത്; | (ബി) | ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ള വരുമായി പ്രാരംഭ ചർച്ചകൾ നടത്തി വരുന്നു. സംസ്ഥാന ത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി ക്കും, സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിക്കും. |
| സി) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ പുതുതായി 2000 പെർമിറ്റുകൾ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./എ.ൽ.എൻജി., ഇലക്ട്രിക് ഓട്ടോറിക്ഷ-കളാക്കി മാറ്റുന്നതിന് ഇലക്ട്രിക് പോളിസിയിൽ നിർദ്ദേശമുണ്ട്. ഇപ്രകാരം മാറ്റുന്നതിന് 2020 മാർച്ച് 31 വരെ സമയം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹി-പ്പിക്കുന്നതിന്റെ ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹന വിലയുടെ 25% ഏതാണോ കുറവ് ആ തുക ഇൻസന്റീവായി ആദ്യ ഒരു വർഷത്തേക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവ് നൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**